വണ്ടൂർ ഗ്രാമപഞ്ചായത്തിലെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട അഴിമതി അന്വേഷണം

42 (1335) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വണ്ടൂർ ഗ്രാമപഞ്ചായത്തിലെ ബസ്സ്റ്റാന്റ് നിർമ്മാണത്തിന് സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് നടന്ന അഴിമതി അന്വേഷണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇക്കാര്യത്തിൽ വിജിലൻസ് അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ട് സർക്കാരിന് ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി & സി) ഇതുമായി ബന്ധപ്പെട്ട് സെക്രട്ടറിമാരായിരുന്ന ശ്രീ. ടി. കെ. ഹരിലാൽ, ശ്രീ. ഇ. പി. അലവികുട്ടി, ശ്രീ. കെ. സി. ജോസഫ് എന്നിവർക്കെതിരെ വകുപ്പുതല നടപടികളുടെ ഭാഗമായി കുറ്റാരോപണ മെമ്മോ അയച്ചിട്ടുണ്ട്. ക്രമക്കേടുകളിൽ ഉൾപ്പെട്ടിട്ടുള്ള മറ്റുള്ളവർക്കെതിരെയും നടപടി സ്വീകരിച്ചു വരുന്നു.

കൊടുങ്ങല്ലൂർ ട്രാൻസ്പോർട്ട് ഓപ്പറേറ്റിംഗ് സെന്റർ ബസ് ഡിപ്പോയായി ഉയർത്തുന്നതിനു നടപടി

43 (1336) പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂർ ട്രാൻസ്പോർട്ട് ഓപ്പറേറ്റിംഗ് സെന്റർ ബസ് ഡിപ്പോയായി ഉയർത്തുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സാമ്പത്തിക സഹായം ചെയ്യുന്നതിലേയ്ക്കായി സമീപത്തുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്ന നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഈ നിവേദനത്തിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) ഈ നിവേദനത്തിന് അനുകൂലമായ ഉത്തരവ് ബന്ധപ്പെട്ടവർക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) പരിശോധിച്ചു വരുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly